നം. NEP(3)/36718/2019/DGE                    **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

തിരുവനന്തപുരം.   തീയതി : 24.10.2019

# സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - ഹൈടെക് പദ്ധതി - പ്രാദേശിക പൂർത്തീകരണ പ്രഖ്യാപനം സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ(സാധാ) നം. 3732/16 പൊ.വി.വ തീയതി 07.11.2016

2. സ.ഉ(സാധാ) നം. 165/2018 പൊ.വി.വ തീയതി 10.01.18.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളുള്ള മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളെയും ഹൈടെക്കാക്കുന്ന പ്രവർത്തനം ഏകദേശം പൂർത്തിയായിരിക്കുന്നു. 4752 സ്കൂളുകളിലായി 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കാനും ലാബുകൾ സ്ഥാപിക്കാനുമുള്ള പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ക്ലാസ് മുറികൾക്കാവശ്യമായ ലാപ്ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, എച്ച്.ഡി.എം.ഐ. കേബിൾ, ഫേസ് പ്ലേറ്റ്, വൈറ്റ് സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ഡി.എസ്.എൽ.ആർ. ക്യാമറ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി കിഫ്ബി ധനസഹായത്തോടെ പൂർത്തികരിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ ക്ലാസുകളിലും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളുടെ പൂർത്തീകരണത്തോടെ കേരളം ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിലെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി മാറുകയാണ്. ഇതിന്റെ സംസ്ഥാനതല പ്രഖ്യാപനം 2019 നവംബർ 30-ഓടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി 2019 നവംബർ 25-ന് മുമ്പ് ജില്ലാതലത്തിൽ പൂർത്തീകരണ പ്രഖ്യാപനങ്ങൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള ക്രമീകരണം കൈറ്റ് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തുന്നതാണ്.

മേൽ സാഹചര്യത്തിൽ 2019 നവംബർ 15 ന് മുമ്പ് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പൂർത്തീകരണ പ്രഖ്യാപനങ്ങൾ നടത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ പദ്ധതിയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) നിയമസഭാ നിയോജകമണ്ഡല തലത്തിലുമുള്ള പൂർത്തീകരണ പ്രഖ്യാപനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും നിയമസഭാ നിയോജകമണ്ഡലതലത്തിലും പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം നടത്തേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ തലത്തിൽ പൂർത്തീകരണ പ്രഖ്യാപന ചടങ്ങിന്റെ ചുമതല അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും (ഒന്നിലധികം വിദ്യാഭ്യാസ ഉപജില്ലകൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ പ്രദേശത്തെ ഉദ്ഘാടനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുമായി ആലോചിച്ച്) നിയോജകമണ്ഡല

തലത്തിലെ പൂർത്തികരണ പ്രഖ്യാപന ചടങ്ങിന്റെ ചുമതല അതത് വിദ്യാഭ്യാസ ഉപഡയറക്ടർക്കും ആയിരിക്കും.

3. വിദ്യാലയങ്ങളിലെ ഹൈടെക് ഉപകരണങ്ങളുടെ വിതരണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾകൈറ്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ എം എൽ എ മാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ചെയർമാൻ/പ്രസിഡന്റ്, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരുമായി ആലോചിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉചിതമായ ഒരു വിദ്യാലയത്തിൽ വച്ച് പ്രഖ്യാപനം നടത്തേണ്ടതാണ്.

5. തദ്ദേശഭരണ തലത്തിൽ പ്രഖ്യാപനം പൂർത്തിയാകുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ എം.എൽ.എമാരുമായി ആലോചിച്ച് നിയോജക മണ്ഡലത്തിലെ ഉചിതമായ ഒരു വിദ്യാലയത്തിൽ വച്ച് പ്രഖ്യാപനം നടത്തേണ്ടതാണ്.

6. പ്രഖ്യാപന ദിവസം ജനപ്രതിനിധികൾ, മറ്റ് ക്ഷണിതാക്കൾ, രക്ഷിതാക്കൾ എന്നിവർക്ക് പ്രഖ്യാപന വേദിയായ വിദ്യാലയത്തിലെ ഹൈടെക് ക്ലാസ് മുറിയും ഹൈടെക് ഉപകരണങ്ങളും മനസ്സിലാക്കുന്നതിനും സമഗ്ര പ്രയോജനപ്പെടുത്തിയുള്ള ക്ലാസ്സുകൾ കാണുന്നതിനുമുള്ള അവസരം ഒരുക്കേണ്ടതാണ്.

7. ഹൈടെക് പദ്ധതിയുടേയും, പ്രൈമറി ഹൈടെക് ലാബ് പദ്ധതിയുടേയും ഭാഗമായി വിദ്യാലയങ്ങൾക്ക് ലഭ്യമായ ഉപകരണങ്ങളുടെ വിശദാംശം ഉൾപ്പെടുത്തി കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് വിദ്യാലയത്തിൽ ഒരു പൊതുസ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശം വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാലയങ്ങൾക്ക് നൽകേണ്ടതാണ്.

8. വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഡി എസ് എൽ ആർ ക്യാമറ പ്രയോജനപ്പെടുത്തി പ്രഖ്യാപന ചടങ്ങ് ഷൂട്ട് ചെയ്യാനും ഇതിന്റെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി വിക്ടേഴ്സ് ചാനലിലേക്ക് ന്യൂസ് തയ്യാറാക്കി അയക്കാനും വിദ്യാലയങ്ങൾക്ക് നിർദേശം നൽകേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
സി.ഇ.ഒ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
എല്ലാ ആർ.ഡി.ഡി (ഹയർസെക്കന്ററി), എ.ഡി (വൊക്കേഷണൽ ഹയർസെക്കന്ററി), ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
സ്റ്റോക് ഫയൽ